(ഡി) അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ 2015 ഏപ്രിലിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും പുതുക്കിയ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്.

കോതമംഗലം എം.എ. കോളേജിലെ ശ്രീ. സജിൻപോളിന്റെ അദ്ധ്യാപക നിയമനം

9 (1045) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.ജി. സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം.എ. കോളേജിലെ കോമേഴ്സ് വിഭാഗത്തിലെ അദ്ധ്യാപകനായ ശ്രീ. സജിൻപോളിന്റെ നിയമനം അംഗീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) 2011-ൽ നിയമനം ലഭിച്ച ശ്രീ. സജിൻപോളിന്റെ നിയമനം, അംഗീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ. സജിൻ പോൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

അന്വേഷണം നേരിടുന്ന വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർമാർ

10 (1046) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ നിയമനം ലഭിച്ച വൈസ് ചാൻസലർമാർ/പ്രോ-വൈസ് ചാൻസലർമാർ ആരെല്ലാം ; ഇവരിൽ വിദ്യാഭ്യാസ യോഗ്യത ഉൾപ്പെടെ വിവിധ അന്വേഷണങ്ങളെ നേരിടുന്നവർ ആരെല്ലാം ; ഏതെല്ലാം കാരണങ്ങൾക്ക് ; സർവ്വകലാശാലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലെ വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർമാരുടെ ഗവേഷണ പ്രബന്ധങ്ങൾ നിയമനം ലഭിച്ചശേഷം കാണാതാകുന്നത് പരിശോധിച്ചുവോ ; എങ്കിൽ ആരുടെയെല്ലാം ഗവേഷണപ്രബന്ധങ്ങളാണ് ഇത്തരത്തിൽ കാണാതായത് ; ഇതിന്മേൽ നിയമനാധികാരിയുടെ അന്വേഷണം നടന്നിട്ടുണ്ടോ ; നിയമനാധികാരി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ നിയമനത്തിനായുള്ള അടിസ്ഥാന യോഗ്യതകൾ എന്തെല്ലാം ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളെ സംബന്ധിക്കുന്ന വിവരം താഴെ കൊടുക്കുന്നു :

കേരള സർവ്വകലാശാല :

വൈസ് ചാൻസലർ - ഡോ. പി. കെ. രാധാകൃഷ്ണൻ, പ്രോ-വൈസ് ചാൻസലർ- ഡോ. വീരമണികണ്ഠൻ

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല :

വൈസ് ചാൻസലർ - ഡോ. ജെ. ലത, പ്രോ-വൈസ് ചാൻസലർ - ഡോ. കെ. പൗലോസ് ജേക്കബ്

കണ്ണൂർ സർവ്വകലാശാല :

വൈസ് ചാൻസലർ, ഡോ. എം. കെ. അബ്ദുൾ ഖാദർ

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല :

വൈസ് ചാൻസലർ - ഡോ. എം. സി. ദിലീപ് കുമാർ, പ്രോ-വൈസ് ചാൻസലർ - ഡോ. സുചേത നായർ

എം. ജി. സർവ്വകലാശാല :

വൈസ് ചാൻസലർ

1. ഡോ. എ. വി. ജോർജ്ജ് (12-5-2014 വരെ)

2. ഡോ. ബാബു സെബാസ്റ്റ്യൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രോ വൈസ് ചാൻസലർ - ഡോ. ഷീന ഷുക്കൂർ

<u>തുഞ്ചത്തെഴുച്ഛൻ മലയാള സർവ്വകലാശാല :</u>

വൈസ് ചാൻസലർ - ശ്രീ. കെ. ജയകുമാർ

<u>കാലിക്കറ്റ് സർവ്വകലാശാല :</u>

വൈസ് ചാൻസലർ - ഡോ. അബ്ദുൾ സലാം

പ്രോ-വൈസ് ചാൻസലർ - ഡോ. രവീന്ദ്രനാഥ്. കെ.

<u>കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി :</u>

വൈസ് ചാൻസലർ - ഡോ. കുഞ്ഞിറിയാ പി. ഐസക്, പ്രോ-വൈസ് ചാൻസലർ - ഡോ. എം. അബ്ദുൾ റഹ്മാൻ

<u>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് :</u>

വൈസ് ചാൻസലർ - ഡോ. റോസ് വർഗ്ഗീസ്

ഇവരിൽ അന്വേഷണങ്ങളെ നേരിടുന്നവർ ആരും ഇപ്പോഴില്ല.

(ബി) കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ ഡോ. എം. സി. ദിലീപ് കുമാറിന്റെ പ്രബന്ധം നഷ്ടമായത് സംബന്ധിച്ച് അദ്ദേഹത്തിൽനിന്ന് ലഭിച്ച പരാതി എം. ജി. സർവ്വകലാശാല തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) വൈസ് ചാൻസലറെ, സർവ്വകലാശാല നിയമപ്രകാരം നിയമിക്കുന്നത്, അതാത് സർവ്വകലാശാല ചാൻസലർ കൂടിയായ ബഹു. കേരള ഗവർണ്ണറാണ്. സർവ്വകലാശാല ആക്ട് പ്രകാരം ബഹു. ചാൻസലർ ഒരു സെർച്ച് കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയിൽ/ശിപാർശ പാനലിൽ നിന്നും ഒരു വ്യക്തിയെ ബഹുമാനപ്പെട്ട ചാൻസലർ, വൈസ് ചാൻസലറായി നിയമിക്കുകയുമാണ് ചെയ്യുന്നത്. പ്രോ-വൈസ് ചാൻസലർമാരെ അതത യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലറും ചാൻസലറും കൂടിയാലോചിച്ചാണ് ചാൻസിലറെ നിയമിക്കുന്നത്. സർവ്വകലാശാല നിയമങ്ങളും സ്റ്റാറ്റ്യൂട്ടുകളും അനുശാസിക്കുന്ന യോഗ്യതകളാണ് വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർമാർക്കുള്ള അടിസ്ഥാന യോഗ്യത. കൂടാതെ യു.ജി.സി മാനദണ്ഡങ്ങളും ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly